പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 729</u>      <u>30/06/2015 ൽ മറുപടിക്ക്</u>

## <u>വാഴക്കാട് പി.എച്ച്.സി.യിൽ ആവശ്യമായ തസ്തിക</u>

| | ചോദ്യം<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ വാഴക്കാട് പി.എച്ച്.സി.യിൽ 24 മണിക്കൂറും പ്രവർത്തിച്ച് കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലായിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (എ) | ഇല്ല. |
| (ബി) | ഇതിന് ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിലെ PLB 3-65936/11 എന്ന നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി)<br>&<br>(സി) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിലെ പി.എൽ.ബി.3/65936/11 എന്ന നമ്പർ കത്ത് 10749/എം1/2014/ആ.കു.വ. എന്ന ഫയലാണ്. പ്രസ്തുത ഫയലിൽ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പ് ഡയറക്ടറോട് കിടത്തി ചികിത്സക്കായി അധിക തസ്തികകൾ എങ്ങനെ കണ്ടെത്താനാകുമെന്നും, കിടത്തി ചികിത്സ ആരംഭിക്കുവാൻ വേണ്ട ഭൗതിക സാഹചര്യം നിലവിലുണ്ടോയെന്നും അറിയിക്കാൻ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ആവശ്യമായ തസ്തികകൾ എന്നത്തേക്ക് സൃഷ്ടിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ